# പതിനാലാം കേരള നിയമസഭ
# ഇരുപത്തിരണ്ടാം സമ്മേളനം

## മദ്യവിതരണത്തിനുള്ള ആപ്ലിക്കേഷൻ

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1077** | **14.01.2021-ൽ മറുപടിയ്ക്ക്**

**ചോദ്യം**
**ശ്രീ.എം.വിൻസെന്റ്**

**ഉത്തരം**
**ശ്രീ.ടി.പി.രാമകൃഷ്ണൻ**
**തൊഴിലും എക്സൈസും വകുപ്പുമന്ത്രി**

| ചോദ്യം | ഉത്തരം |
|---|---|
| **എ)** മദ്യവിതരണത്തിന് ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിന് കമ്പനികളെ സെലക്ട് ചെയ്തത് എപ്രകാരമാണെന്ന് അറിയിക്കാമോ; | **എ)** ബെവ്ക്യൂ ആപ്പ് തയ്യാറാക്കുന്നതിനുള്ള ഏജൻസിയെ കണ്ടെത്തുന്നതിനായി സർക്കാർ സ്ഥാപനമായ Kerala Start up Mission-നെയാണ് ചുമതലപ്പെടുത്തിയത്. ഏജൻസിയെ കണ്ടെത്തുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിച്ചാണ് കമ്പനിയെ സെലക്ട് ചെയ്തിട്ടുള്ളത്. |
| **ബി)** ടെക്നിക്കൽ ബിഡ്ഡിൽ 70-ൽ കൂടുതൽ മാർക്ക് നേടിയത് ഏതൊക്കെ കമ്പനികളായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; | **ബി)** 1. സ്റ്റാർട്ട് ഇ 3 സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്.<br>2. ഫെയർകോഡ് ടെക്നോളജിസ് പ്രൈവറ്റ് ലിമിറ്റഡ്.<br>3. കൊളാബറേറ്റീവ് ലേർണിംഗ് ലാബ്സ് പ്രൈവറ്റ് ലിമിറ്റഡ്.<br>4. അഗ്രിഫെയി ടെക്നോളജിസ് പ്രൈവറ്റ് ലിമിറ്റഡ്.<br>5. നിയൊകാഡ് ടെക്നോളജിസ് പ്രൈവറ്റ് ലിമിറ്റഡ്. |
| **സി)** ഏത് കമ്പനിക്കാണ് കരാർ നൽകിയത്; അവർക്ക് ഈ മേഖലയിൽ ഉണ്ടായിരുന്ന മുൻപരിചയം വിശദമാക്കുമോ; | **സി)** കൊച്ചി ആസ്ഥാനമായിട്ടുള്ള ഫെയർകോഡ് ടെക്നോളജിസ് പ്രൈവറ്റ് ലിമിറ്റഡ്. കെ.എസ്.ബി.സി നിഷ്കർഷിച്ച ടെണ്ടർ കണ്ടീഷൻസ് ടി ഏജൻസിയ്ക്ക് ഉള്ളതിനാലാണ് ഇവർക്ക് മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിനുള്ള കരാർ നൽകിയത്. |

| | | | |
|---|---|---|---|
| **ഡി)** | ഫെയർകോഡ് എന്ന കമ്പനി എസ്.എം.എസ്. ചാർജ്ജായി എത്ര പൈസയാണ് ആവശ്യപ്പെട്ടതെന്നും എത്രയാണ് അനുവദിച്ച് നൽകിയതെന്നും അറിയിക്കാമോ; | **ഡി)** | a) Mobile App വഴി Smart Phone ഉപയോഗിച്ച് OTP ലഭിക്കുന്നതിന് ഓരോ SMS നും 12 പൈസ വീതം ആവശ്യപ്പെടുകയും പ്രസ്തുതതുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br><br>b) SMS വഴി ഇ ടോക്കൺ ലഭിക്കുന്നതിന് ഓരോ ടോക്കണിനും 3 പൈസ വീതവും കൂടാതെ e-token SMS ആയി അയക്കുന്നതിന് ഓരോ SMS നും 12 പൈസ വീതവും ആവശ്യപ്പെടുകയും പ്രസ്തുതതുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| **ഇ)** | കമ്പനി ആവശ്യപ്പെട്ടതിൽ കൂടുതൽ തുക ഇപ്രകാരം അനുവദിച്ചിട്ടുണ്ടെങ്കിൽ അത് ഏത് സാഹചര്യത്തിലാണെന്ന് വെളിപ്പെടുത്തുമോ? | **ഇ)** | അധിക തുക അനുവദിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**